# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 03.11.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് കേരളത്തിലെത്തി. റെയിൽയുടെ വിവിധ വികസന പദ്ധതികൾ അദ്ദേഹം അവലോകനം ചെയ്യുന്നു.

   **Union Minister Ashwini Vaishnav arrived in Kerala. He reviews the various development projects of the railways.**

2. വിദേശകാര്യമന്ത്രി എസ് ജയശങ്കറിന്റെ ആറു ദിവസത്തെ ഓസ്‌ട്രേലിയ, സിംഗപ്പൂർ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഓസ്‌ട്രേലിയയിലെ ഇന്ത്യയുടെ നാലാമത്തെ കോൺസുലേറ്റ് മന്ത്രി ഉദ്ഘാടനം ചെയ്യും.

   **External Affairs Minister S Jaishankar's six-day visit to Australia and Singapore will begin today. The Minister will inaugurate the fourth consulate of India in Australia.**

3. ദേശീയ ജൈവവൈവിധ്യ നയ- കർമ്മപദ്ധതിയുടെ പരിഷ്കരിച്ച രൂപം കേന്ദ്ര മന്ത്രി കിർത്തി വർധൻ സിങ് പുറത്തിറക്കി.

   **Union Minister Kirti Vardhan Singh released the revised version of the National Biodiversity Policy- Action Plan.**

4. അധികാരത്തിലെത്തിയാൽ സംസ്ഥാനത്ത് ഏക സിവിൽ കോഡ് നടപ്പാക്കുമെന്ന് ഝാർഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. കേരളത്തിൽ ഉപതെരഞ്ഞെടുപ്പ് പ്രചാരണം പുരോഗമിക്കുന്നു.

**Union Home Minister Amit Shah said during the Jharkhand Legislative Assembly election campaign, If comes to power, will implement a uniform civil code in the state. The by-election campaign is in progress in Kerala.**

5. രാജ്യത്തെ ആദ്യ അനലോഗ് ബഹിരാകാശ ദൗത്യം ലഡാക്കിലെ ലേയിൽ ഐഎസ്ആർഒ ആരംഭിച്ചു.

**ISRO launched country's first analogue space mission at Leh in Ladakh.**

6. ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ന്യൂസിലാൻഡിനെതിരായ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് 147 റൺസ് വിജയലക്ഷ്യം.

**Two matches today in ISL football. India set a target of 147 runs in the third cricket test against New Zealand.**

**&&&&&&&&&&&&&&&&&&**

## HEADLINE 1
## ASWINI VAISHNAV

കേന്ദ്ര റെയിൽവേ, വാർത്താ വിതരണപ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ് ഏകദിന സന്ദർശനത്തിനായി കേരളത്തിലെത്തി. ആലുവ റെയിൽവേ സ്റ്റേഷനിലെത്തിയ അദ്ദേഹം റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ചു. കൊച്ചി മുതൽ കോഴിക്കാട് വരെ ട്രെയിനിൽ സഞ്ചരിച്ച് ട്രാക്കുകളുൾപ്പെടെയുള്ളവ കേന്ദ്രമന്ത്രി പരിശോധിക്കും. തൃശ്ശൂർ റെയിൽവേ സ്റ്റേഷൻ വികസന പുരോഗതിയും അദ്ദേഹം വിലയിരുത്തും. വൈകിട്ട് കോഴിക്കോട്, ജന്മഭൂമി ദിനപത്രത്തിൻ്റെ സുവർണ്ണജൂബിലി ആഘോഷം കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്യും.

**&&&&&&&&&&&&&&&&&&**

## HEADLINE 2
## JAISHANKAR-AUSTRALIA SINGAPORE

വിദേശകാര്യമന്ത്രി എസ് ജയശങ്കറിന്റെ ആറു ദിവസത്തെ ഓസ്ട്രേലിയ, സിംഗപ്പൂർ സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ബ്രിസ്ബണിൽ എത്തുന്ന അദ്ദേഹം ഓസ്ട്രേലിയയിലെ ഇന്ത്യയുടെ നാലാമത്തെ കോൺസുലേറ്റ് ഉദ്ഘാടനം ചെയ്യും. ഓസ്ട്രേലിയൻ പാർലമെൻറ് ഹൗസിൽ നടക്കുന്ന രണ്ടാമത് Raisina Down Under - ൻറെ ഉദ്ഘാടന സമ്മേളനത്തിൽ ശ്രീ ജയശങ്കർ മുഖ്യപ്രഭാഷണം നടത്തും. ഈ മാസം 8 ന് സിംഗപൂരിലെത്തുന്ന വിദേശകാര്യ മന്ത്രി ASEAN - India Network of Think Tanks ന്റെ 8-ാമത് വട്ടമേശ സമ്മേളനത്തെ അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&&

## HEADLINE 3

## KIRTI VARDHAN-NBSAP

ദേശീയ ജൈവവൈവിധ്യ നയ- കർമ്മപദ്ധതിയുടെ പരിഷ്കരിച്ച രൂപം കേന്ദ്ര പരിസ്ഥിതി സഹമന്ത്രി കിർത്തി വർധൻ സിങ് കൊളംബിയയിൽ നടന്ന COP 16 യോഗത്തിനിടെ പുറത്തിറക്കി. പാരിസ്ഥിതിക വെല്ലുവിളികൾ, അതിനെ പ്രതിരോധിക്കാനുള്ള തന്ത്രങ്ങൾ എന്നിവ പുതുക്കിയ നയത്തിൽ ഉൾപ്പെടുന്നു. വെല്ലുവിളി നേരിടുന്ന ആവാസ വ്യവസ്ഥകളുടെ പുനരുജ്ജീവനം, തണ്ണീർ തടങ്ങളുടെ സംരക്ഷണം തുടങ്ങിയവയ്ക്ക് ഇതിലൂടെ പ്രത്യേക പ്രാധാന്യം നൽകുമെന്നും കേന്ദ്ര സഹമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## HEADLINE 4

## NT. JHARKHAND-AMIT SHAH-VOICE

രണ്ട് ദിവസത്തെ ഝാർഖണ്ഡ് സന്ദർശനത്തിനായി റാഞ്ചിയിലെത്തിയ മുതിർന്ന ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ, പാർട്ടിയുടെ

പ്രകടനപത്രിക ഇന്ന് പുറത്തിറക്കി. അധികാരത്തിലെത്തിയാൽ സംസ്ഥാനത്ത് ഏക സിവിൽ കോഡ് നടപ്പാക്കുമെന്നും, ഗോത്ര വർഗ്ഗ വിഭാഗങ്ങൾക്ക് ഇതിൽ നിന്ന് പ്രത്യേക പരിരക്ഷ നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി.

(HOLD VOICE)

സംസ്ഥാന ബിജെപി നേതാക്കളുമായി തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ അവലോകനം ചെയ്യുന്ന അദ്ദേഹം. വിവിധ തിരഞ്ഞെടുപ്പ് റാലികളെയും അഭിസംബോധന ചെയ്യുന്നുണ്ട് .

&&&&&&&&&&&&&&&&&&

## MAHARASHTRA- AMIT SHAH

മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും. 288 സീറ്റുകളിലേക്ക് സമർപ്പിക്കപ്പെട്ട 7066 സ്ഥാനാർഥികളുടെ പത്രികകൾ സാധുവായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.പത്രികകൾ പിൻവലിക്കാൻ വിമത സ്ഥാനാർഥികളുമായി ഇരു സഖ്യ നേതാക്കളും ചർച്ച നടത്തിവരികയാണ്. ഈ മാസം 20 നാണു സംസ്ഥാനത്ത് വോട്ടെടുപ്പ് നടക്കുക.

&&&&&&&&&&&&&&&&&&

## KERALA -BY-ELECTION

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ വയനാട്, പാലക്കാട്, ചേലക്കര മണ്ഡലങ്ങളിൽ പ്രചാരണം ഊർജിതമായി. ഈ മാസം 11 ന് വൈകിട്ടാണ് പരസ്യപ്രചാരണം അവസാനിക്കുന്നത്. വയനാട്ടിൽ UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധി മാനന്തവാടിയിലെ പൊതുയോഗത്തെ അഭിസംബോധന ചെയ്യുന്നു. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും പ്രിയങ്കയുടെ പ്രചാരണ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

LDF സ്ഥാനാർഥി സത്യൻ മൊകേരിയുടെ പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ ബുധനാഴ്ച കൽപ്പറ്റയിലെത്തും. NDA സ്ഥാനാർത്ഥി നവ്യ ഹരിദാസിന്റെ പ്രചാരണത്തിനായി BJP സംസ്ഥാന അധ്യക്ഷൻ K സുരേന്ദ്രൻ ഇന്നലെ ജില്ലയിലെത്തിയിരുന്നു.

&&&&&&&&&&&&&&&&&&

## HEADLINE 5

## ANALOG SPACE MISSION

രാജ്യത്തെ ആദ്യ അനലോഗ് ബഹിരാകാശ ദൗത്യം ലഡാക്കിലെ ലേയിൽ ഐഎസ്ആർഒ ആരംഭിച്ചു. ഭൂമിയിലെ സ്ഥലങ്ങളിലെ ഫീൽഡ് ടെസ്റ്റുകളായ അനലോഗ് ദൗത്യങ്ങൾ, ബഹിരാകാശ പരിതസ്ഥിതികളോട് സാമ്യമുള്ളതും ബഹിരാകാശ യാത്രാ ഗവേഷണത്തിനുള്ള പ്രശ്ന പരിഹാരത്തിൽ പങ്കുവഹിക്കുന്നതുമാണ്. ഇൻ്റർപ്ലാനറ്ററി ആവാസവ്യവസ്ഥയിലെ ജീവിതത്തെ അനുകരിക്കുന്നതിനാലാണ് ചൊവ്വയുടെയും ചന്ദ്രൻ്റെയും ഭൂപ്രകൃതിയുമായി സാമ്യമുള്ള ലഡാക്ക് ഇത്തരമൊരു ദൗത്യത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. സമുദ്രനിരപ്പിൽ നിന്ന് 3,000 മീറ്ററിലധികം ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ലഡാക്കിൽ സമുദ്രനിരപ്പിലുള്ളതിൻ്റെ 40 ശതമാനം മാത്രമാണ് ഓക്സിജൻ്റെ അളവ്.

&&&&&&&&&&&&&&&&&&

## PM-BHAI DOOJ

ഭായി ദൂജ് പ്രമാണിച്ച് രാജ്യത്തെ ജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തരമന്ത്രി അമിത് ഷാ എന്നിവർ ആശംസകൾ നേർന്നു. ഈ മഹത്തായ ഉത്സവം സഹോദരീസഹോദരന്മാർക്കിടയിലുള്ള സ്നേഹം

വർധിപ്പിക്കട്ടെയെന്ന് ശ്രീ മോദി സമൂഹമാധ്യമത്തിൽ ആശംസിച്ചു.

**&&&&&&&&&&&&&&&&&&&&**

**DILIP KUMAR TRAIN- VOICE**

ഈ ഉത്സവകാലത്ത് അധിക പ്രത്യേക ട്രെയിനുകൾ അനുവദിച്ചതായി റെയിൽവേ ബോർഡ്. ഇത്തവണ 7500 ലധികം സ്പെഷ്യൽ ട്രെയിനുകളാണ് അനുവദിച്ചതെന്ന് റെയിൽവേ ബോർഡ് അധികൃതർ അറിയിച്ചു. ഈ മാസം 3700 ലധികം സ്പെഷ്യൽ ടെയിനുകൾ സർവ്വീസ് നടത്തും. ഒക്ടോബറിൽ 6800 ട്രെയിനുകളാണ് അനുവദിച്ചിരുന്നത്.

(ഹോൾഡ് വോയിസ്)

**&&&&&&&&&&&&&&&&&&&&**

**HEADLINE 6**

**ISL**

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് അഞ്ചിന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് - ഒഡിഷ എഫ് സി യെ നേരിടും. ഗുവാഹത്തി ഇന്ദിരഗാന്ധി സ്റ്റേഡിയത്തിലാണ് മത്സരം. 7.30 ന് നടക്കുന്ന മറ്റൊരു മത്സരത്തിൽ മുംബൈ സിറ്റിയും - കേരള ബ്ലാസ്റ്റേഴ്സും തമ്മിൽ ഏറ്റുമുട്ടും. മുംബൈയിലാണ് മത്സരം.

**&&&&&&&&&&&&&&&&&&&&**

**HEADLINE 6 A**

**IND-NZ CRICKET**

ന്യൂസിലാൻഡിനെതിരെ മുംബൈയിൽ നടക്കുന്ന മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് 147 റൺസ് വിജയലക്ഷ്യം. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ 7 വിക്കറ്റിന് 118 റൺസ് എന്ന നിലയിലാണ്. നേരത്തെ രണ്ടാം ഇന്നിംഗ്സിൽ ന്യൂസിലാൻഡ് 174 റൺസിന് പുറത്തായി.

**&&&&&&&&&&&&&&&&&&&&**

**IMD**

ഇന്ന് കേരളം, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ, മാഹി എന്നിവിടങ്ങളിൽ ഇടിമിന്നലോട് കൂടിയ കനത്ത മഴയ്ക്ക് സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അടുത്ത നാല് ദിവസങ്ങളിൽ വടക്ക് പടിഞ്ഞാറൻ, കിഴക്കൻ ഇന്ത്യാ ഭാഗങ്ങളിൽ, താപനിലയിൽ വ്യതിയാനമുണ്ടാകുമെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

**KASARGODE**

കാസർഗോഡ് നീലേശ്വരം വെടിക്കെട്ട് അപകടത്തിൽ പൊള്ളലേറ്റ് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന രതീഷ് എന്നയാൾ മരിച്ചു. ഇതോടെ വെടിക്കെട്ട് അപകടത്തിൽ മരണം രണ്ടായി.

&&&&&&&&&&&&&&&&&&

**INDIAN STARTUP**

ഈ വർഷം ആദ്യ 10 മാസത്തിനുള്ളിൽ ഇന്ത്യൻ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം 12.2 ബില്യൺ ഡോളറിലെത്തി. 2023-ൽ ഉടനീളം സമാഹരിച്ച ആകെ തുകയെ ഇതിനോടകം മറികടന്നു. വളരുന്ന ബഹിരാകാശ മേഖലയ്ക്കായി 1,000 കോടി രൂപയുടെ വെഞ്ച്വർ കാപ്പിറ്റൽ ഫണ്ട് രൂപീകരണത്തിന് കഴിഞ്ഞ മാസം ചേർന്ന കേന്ദ്ര ക്യാബിനറ്റ് അംഗീകാരം നൽകിയിരുന്നു.

&&&&&&&&&&&&&&&&&&

**CHGARH-MAOIST ATTACK**

ഛത്തീസ്ഗഢിലെ സുക്മ ജില്ലയിലുണ്ടായ മാവോയിസ്റ്റ് ആക്രമണത്തിൽ രണ്ടു പോലീസ് കോൺസ്റ്റബിൾമാർക്ക് പരിക്ക്. മേഖലയിലെ ഒരു ആഴ്ചച്ചന്തയിൽ ജോലി നോക്കുന്നതിനിടെ ആയിരുന്നു ആക്രമണം. പ്രാഥമിക ചികിത്സയ്ക്ക് ശേഷം വിദഗ്ധ പരിശോധനയ്ക്കായി ഇവരെ

വ്യോമമാർഗം കൊണ്ടുപോയി. മേഖലയിൽ തിരച്ചിൽ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

**GAZA ATTACK**

മധ്യ ഗാസയിലെ അഭയാർഥി ക്യാമ്പിൽ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ 42 ഓളം മരണം റിപ്പോർട്ട് ചെയ്തു.150 ലേറെ പലസ്തീനിയൻ പൗരന്മാർക്ക് പരിക്കേറ്റതായും റിപ്പോർട്ടുണ്ട്. മേഖലയിലെ വീടുകൾ ഉൾപ്പടെ വെള്ളിയാഴ്ച രാവിലെ മുതൽ ഇസ്രായേൽ ആക്രമണം നടത്തുകയാണെന്ന് പലസ്തീനിയൻ സുരക്ഷാ വൃത്തങ്ങൾ അറിയിച്ചു. എന്നാൽ ഭീകരരെ വധിക്കാനും ആയുധങ്ങൾ കണ്ടെടുക്കാനും ലക്ഷ്യമിട്ടുള്ളതാണ് സേനാനീക്കങ്ങൾ എന്ന് ഇസ്രായേൽ പ്രതിരോധ സേന പ്രസ്താവനയിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

**DELHI-POLLUTION**

ഡൽഹിയിലെയും പരിസര പ്രദേശങ്ങളിലെയു വായു ഗുണനിലവാരം മോശം അവസ്ഥയിൽ തുടരുന്നു. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൻ്റെ കണക്കനുസരിച്ച്, ഡൽഹിയിലെ വായു ഗുണനിലവാര സൂചിക ഇന്ന് രാവിലെ ആറ് മണിയോടെ, 361 ൽ എത്തി. അടുത്ത 2-3 ദിവസങ്ങളിൽ രാത്രി മുതൽ രാവിലെ വരെ പ്രദേശത്ത് മൂടൽമഞ്ഞ് അനുഭവപ്പെടാൻ സാധ്യതയുള്ളതായും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

&&&&&&&&&&&

&&&